## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 273 21.6.2013 ലെ മറുപടിക്ക്
### നോർക്കയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്: | ശ്രീ. കെ.സി. ജോസഫ് |
| ശ്രീ. പി.സി. ജോർജ്: | (ഗ്രാമവികസനവും ആസൂത്രണവും |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | സാംസ്ക്കാരികവും നോർക്കയും വകുപ്പ് |
| ശ്രീ. റോഷി അഗസ്റ്റിൻ: | മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നോർക്ക വഴി വിദേശ രാജ്യങ്ങളിൽ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നോർക്ക-റൂട്ട്സ് മുഖാന്തിരം 19 റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. നിയമനം നൽകിയ തസ്തികകളുടെ വിവരങ്ങൾ ഇവയാണ്.<br>1. സെയിൽസ് എക്സിക്യൂട്ടീവ് 2<br>2. അലുമിനിയം ഫിറ്റർ 2<br>3. ഹെൽപ്പർ 1<br>4. വെൽഡർ 2<br>5. പൈപ്പ് ഫിറ്റർ 2<br>6. ഇലക്ട്രീഷ്യൻ 1<br>7. എ.സി മെക്കാനിക്ക് 1<br>8. മെക്കാനിക്കൽ എഞ്ചിനീയർ 1<br>9. കാർപെന്റർ 1<br>10. സ്പ്രേ പെയിന്റർ 2<br>11. സൈറ്റ് സൂപ്പർവൈസർ 1<br>12. സോഫ്റ്റ് വെയർ എഞ്ചിനീയർ 2<br>13. സ്റ്റീൽ ഫാബ്രിക്കേറ്റർ 1 |
| (ബി) നിലവിൽ തൊഴിലവസരങ്ങൾ | (ബി) നോർക്ക-റൂട്ട്സ് വഴി റിക്രൂട്ട്മെന്റിന് ഓർഡർ ലഭിച്ചാൽ നോർക്കയുടെ |

| | |
|---|---|
| ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതിന് നോർക്ക അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | www.jobsnorka.gov.in എന്ന ജോബ് പോർട്ടലിലൂടെയും, പത്ര പരസ്യത്തിലൂടെ യുമാണ് ഉദ്യോഗാർത്ഥികളെ അറിയിക്കുന്നത്. |
| (സി) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പിന് ഇരയാകാതിരിക്കാൻ സംസ്ഥാനത്ത് നോർക്ക വഴി നടപ്പാക്കുന്ന ബോധവൽക്കരണ പരിപാടികൾ എന്തെല്ലാമാണ്; | (സി) വ്യാജ റിക്രൂട്ട്മെന്റ്, വ്യാജ വിസ, സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ തുടങ്ങിയവ സംബന്ധിച്ച് വളരെ വ്യാപകവും വിശദവുമായ പരസ്യ പ്രചാരണം ദൃശ്യ ശ്രവ്യ (ടി.വി. സ്ലോട്ട്, തിയേറ്റർ,എഫ്.എം.റേഡിയോ) മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും നടത്തി വരുന്നുണ്ട്. ഇതിനായി മാത്രം 2012-13 സാമ്പത്തിക വർഷം 44 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. ഇതിന് പുറമേ വിദേശത്ത് പോകുന്നവർക്കു വേണ്ടി നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ജില്ലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ സർക്കാരേതര സ്ഥാപനങ്ങളുമായി ചേർന്ന് ഏകദിന ബോധവത്കരണ പരിശീലന പരിപാടികൾ നടത്തി വരുന്നു. |
| (ഡി) നോർക്കയുടെ പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം എത്ര തുക നീക്കി വച്ചിരിക്കുന്നു; വിശദാംശങ്ങൾ നൽകുമോ ? | (ഡി) 2013-14 സാമ്പത്തിക വർഷത്തിൽ നോർക്ക വകുപ്പിന്റെ പ്രവർത്തനത്തിനായി പദ്ധതി ഇനത്തിൽ 20.15 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 7,41,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയിട്ടുള്ള തുക (രൂപയിൽ) |
| --- | --- | --- |
| 1. | മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം | 2,97,00,000 |
| 2. | പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി ചെന്നൈ, ബംഗലുരു,ബറോഡ എന്നിവിടങ്ങളിൽ നോർക്ക റൂട്ട്സ് ഓഫീസ് സ്ഥാപിക്കൽ | 40,00,000 |
| 3. | ജോബ് പോർട്ടൽ | 30,00,00 |
| 4. | 24 മണിക്കൂർ ഹെൽപ്പ്ലൈൻ/ കാൾസെന്റർ | 30,00,000 |
| 5. | പ്രവാസി നിയമ സഹായ സെൽ (പ്ലാക്ക്) | 4,00,00,000 |
| 6. | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കുള്ള ബോധവൽക്കരണം. | 35,00,000 |
| 7. | നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി | 3,00,00,000 |
| 8. | സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ ട്രെയിനിംഗ് ഫോർ എൻ.ആർ.കെ | 2,00,00,000 |
| 9. | പ്രവാസി ക്ഷേമനിധി | 1,00,000 |
| 10. | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി | 50,00,000 |
| 11. | പ്രവാസി മലയാളി ക്ഷേമ ഏജൻസിയുടെ ന്യൂ ഡൽഹി, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെല്ലിനുള്ള ചെലവ്, | 15,00,000 |

| | | |
|---|---|---|
| 12. | പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യത്തിൽ തിരിച്ചു കൊണ്ടു വരുവാനുള്ള നിധി | 17,00,000 |
| 13. | സ്വപ്ന സാഫല്യം പദ്ധതി | 50,00,000 |
| 14. | പ്രവാസികൾക്കായുള്ള ബിസിനസ്സ് ഫസിലിറ്റേഷൻ സെന്റർ | 1,00,00,000 |
| 15. | പ്രവാസി മലയാളി ക്ഷേമ വകുപ്പ്-34 മറ്റ് ചെലവുകൾ -03 മറ്റിനം | 1,00,00,000 |
| 16. | നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ | 3,50,00,000 |
| | ആകെ- | 20,15,00,000 |

**പദ്ധതിയേതര ഇനത്തിലുള്ള പരിപാടികൾ**

| | | |
|---|---|---|
| 1. | തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം | 1,000 |
| 2. | വിദേശത്തു വച്ച് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലേക്കു കൊണ്ടു വരുന്നതിനുള്ള ധനസഹായം | 5,00,000 |
| 3. | പ്രവാസികൾക്കായുള്ള അന്തർ ദേശീയ യുവജനോത്സവം | 1,000 |
| 4. | പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ | 1,000 |
| 5. | പ്രവാസി കേരളീയ കാര്യ വകുപ്പ് വേതനം | 1,42,000 |
| 6 . | പ്രവാസി കേരളീയ കാര്യ വകുപ്പ് മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | 21,000 |

| | |
|---|---|
| | 7. പ്രവാസി മലയാളി ക്ഷേമ വകുപ്പ്<br>പി.ഒ.എൽ 75,000<br><br>ആകെ 7,41,000 |

സെക്ഷൻ ഓഫീസർ